File No: HEDN -L2/290/2020-HEDN

'ഭരണഭാഷ -മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - സ്ഥാപനമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(സാധാ)നം.21/2021 /ഉ.വി.വ** **തീയതി, തിരുവനന്തപുരം,05.01.2021**

പരാമർശം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 30/11/2020 തീയ്യതിയിലെ C2/29244/20/DTE നമ്പർ കത്ത്

**ഉത്തരവ്**

സ്വാശ്രയ പോളിടെക്നിക്ക് സ്ഥാപനമായ പാമ്പാക്കുട ,എം.ജി.എം പോളിടെക്നിക്ക് കോളേജിലെ മൂന്നാം സെമസ്റ്റർ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻസ് ഡിപ്ലോമ വിദ്യാർത്ഥിയായ അഖിൽ ജൂഡ് , ടിയാന്റെ വീട്ടിലെ സാമ്പത്തിക സ്ഥിതിയും മറ്റു സാഹചര്യങ്ങളും കാരണം മൂന്നാം സെമസ്റ്റർ പഠിച്ചുകൊണ്ടിരിക്കെ 20.10.2020 ൽ എം.ജി.എം പോളിടെക്നിക്ക് കോളേജിൽ നിന്നും ടി.സി വാങ്ങുകയും സൗകര്യപ്രദമായ മറ്റൊരു സ്വാശ്രയ പോളിടെക്നിക്ക് സ്ഥാപനമായ മാല്യങ്കര ,എസ്.എൻ.എം പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥാപനമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നതായും ടി വിദ്യാർത്ഥി എം.ജി.എം പോളിടെക്നിക്ക് കോളേജിൽ നിന്നും ടി.സി വാങ്ങിയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ റീ അഡ്മിഷൻ ലഭിച്ചാൽ മാത്രമേ സ്ഥാപന മാറ്റം അനുവദിക്കാനാകൂ എന്നും ആയതിനാൽ ടിയാന് എം.ജി.എം പോളിടെക്നിക്ക് കോളേജിൽ മൂന്നാം സെമസ്റ്റർ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻസ് ഡിപ്ലോമ കോഴ്സിലേക്ക് പുനഃപ്രവേശനം നൽകണമെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2, സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. അഖിൽ ജൂഡിന് സ്ഥാപന മാറ്റം അനുവദിക്കുന്നതിന് എസ്.എൻ.എം. പോളിടെക്നിക്ക് കോളേജ് എൻ.ഒ.സി നല്കിയിട്ടുള്ള സാഹചര്യത്തിൽ ടി വിദ്യാർത്ഥിയുടെ സാഹചര്യങ്ങൾ പരിഗണിച്ച് ടിയാന് AICTE മാനദണ്ഡങ്ങൾ പാലിച്ച് എസ്.എൻ.എം പോളിടെക്നിക്ക് കോളേജ്, മാല്യങ്കരയിലേക്ക് സ്ഥാപനമാറ്റം നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീദേവി ഇഎസ്.**

**അണ്ടർ സെക്രട്ടറി**

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.അഖിൽ ജൂഡ് , പുളിക്കൽ ഹൗസ്, ചേന്ദമംഗലം പി.ഓ, കോട്ടയിൽ കോവിലകം , എറണാകുളം
പ്രിൻസിപ്പൽ, എസ്.എൻ.എം പോളിടെക്നിക്ക്കോളേജ്, മാല്യങ്കര, എറണാകുളം
പ്രിൻസിപ്പൽ എം.ജി.എം പോളിടെക്നിക്ക് കോളേജ്, പാമ്പാക്കുട , എറണാകുളം
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ